കലോത്സവത്തിൽ രചനാമത്സരങ്ങളിൽ പങ്കെടുക്കാനെത്തുന്ന കുട്ടികൾ മനോരമയ്ക്കായി കുറിച്ച വരികൾ

● തിരുവനന്തപുരം

സുസ്വാഗതം

സഹൃദ്യതിൻ മാറിലോലോലമാടുന്ന
സപ്തഭാഷോ സുകുമാരംഗവൂർ
സർഗകല തൻ തിരിയെളിയുന്നിതാ
സകല പ്രതിഭകൾക്കും സുസ്വാഗത...

ബി. അനഘ പ്രസാദ്
കാഞ്ഞിരംകുളം പഞ്ചായത്ത് എച്ച്എസ്, തിരുവനന്തപുരം.

● കാസർകോട്

ഉത്സവ കാന്തി

'പി'യെന്നൊരോരക്ഷരി-
യെത്തി തുകിടു തുള്ളി നാട്ടിൽ
വിരിഞ്ഞുവല്ലോ
കനകകാന്തിയെത്തി മിന്നിടു.
കലകൾ തൻ വർണോത്സവ!

അഥിന എം. ചന്ദ്രൻ
എൻഎച്ച്എസ്എസ് പെരഡാല, ബദിയടുക്ക.

● വയനാട്

ഒന്നിച്ച്



ഒഴുകിയെത്തുന്ന ഓരോ പുഴയുടെയും
സൗഹൃദം നിറഞ്ഞ സംഗമമാണ്...
പുതിയ വഴികൾ കണ്ടെത്തി കുതിച്ചൊഴുകുന്നതിനുള്ള
ഉത്സാഹഭരിതമായ തയാറെടുപ്പാണ്...
ദേശഭാഷാന്തരങ്ങളിലാത്ത
സാംസ്കാരികക്കൂട്ടായ്മയുടെ രാപകലുകൾ...

എസ്. ഗൗതമി
സേക്രഡ്ഹാർട്ട് എച്ച്എസ്എസ്, ദ്വാരക, വയനാട്.

● കണ്ണൂർ

കലയുടെ ഭാഷ

കൊടികയറുന്നു കോട്ടകളിൽ
കൊമ്പും കുഴലും പിലങ്കയുമായി
നാടു പിടിച്ചടക്കുന്നു കൗമാരം.
ഭാഷകളേഴും നിരോധിച്ചിരിക്കുന്നു;
ഇനി ഒറ്റ ഭാഷ മാത്രം-
കലയുടെ ഭാഷ.

ജീവൻ ജിനേഷ്,
ജിഎച്ച്എസ്എസ് കുഞ്ഞിമംഗലം.

മലയാള മനോരമ
കലാമഴ...സ്വാഗതം
2019 നവംബർ 28 വ്യാഴം
കേരള സ്കൂൾ കലോത്സവം നവംബർ 28 മുതൽ ഡിസംബർ 1 വരെ

ഈശ്വരാ...ഈ നീലേശ്വരം ഒരു സെൽഫിയിൽ ഒതുങ്ങുന്നില്ലല്ലോ...

കേരളത്തിന്റെ ഒരറ്റത്തുനിന്നു മറ്റൊരറ്റത്തേക്ക് കലോത്സവ വേദിയിലേക്ക് കുട്ടികളുടെ സഞ്ചാരം

കലയുടെ കൈത്താളമിട്ട് ഒരു കേരളയാത്ര

കാഞ്ഞങ്ങാടേ.... കലാകേരളത്തിന്റെ കാറ്റേറ്റ്, സംഗീതമേറ്റുവാങ്ങി, നിറവും രുചിയുമറിഞ്ഞ് തങ്ങളുടെ 'ഓട്ടം,' അങ്ങേത്തലയായി. സംസ്ഥാനത്തിന്റെ തെക്കേ അറ്റമായ തിരുവനന്തപുരം മടവൂരിൽനിന്ന് തുടങ്ങി വടക്കേ അറ്റമായ കാസർകോട് നീലേശ്വരത്തേക്കു നീളുന്ന ഈ ഓട്ടത്തെ ഒരു കേരള യാത്രയെന്നു വിളിക്കാം. ഹൈസ്കൂൾ വിഭാഗം മലയാള നാടകവേദിയിൽ അവസാനിക്കുന്ന ആ ഓട്ടത്തിൽ ഞങ്ങൾ എട്ടുപേർ. ടീമിനു പേര് മടവൂർ എൻഎസ് എച്ച്എസ്എസ്.

നാടകത്തിനിട്ട 'ഓട്ടം' എന്ന പേരു പോലെ ഒരു രാത്രിയും പകലും നീളുന്ന യാത്ര. അസ്സൽ കേരളയാത്ര! 26 ന് വൈകുന്നേരമാണ് യാത്ര തിരിച്ചത്. തലസ്ഥാനനഗരി വിട്ട് വി.സാംബശിവന്റെ കൊല്ലം കടന്ന് തകഴിയുടെ ആലപ്പുഴയെത്തിയപ്പോൾ ചവിട്ടുനാടകത്തിന്റെയും ബാൻഡ്മേളത്തിന്റെയും താളത്തിലേക്ക് ഗിയർ മാറി. പോർച്ചുഗീസ് രാജാക്കന്മാരുടെ കഥ കേട്ടിരിക്കെ കാതിൽ വട്ടംകുണുങ്ങിട്ടു മാർഗംകളിയുടെ കിക്കുമായി അക്ഷരനഗരിയായ കോട്ടയം. നഗരം പുറ്റിലിരുന്ന കാറ്റ് അക്ഷരനഗരിയുടെ ചരിത്രം കാറ്റിൽ മുളി. ഒന്നു മയങ്ങിയതേയുള്ളൂ. ഗുമ്പനും, ബ്യൂഗിളും, ഗിറ്റാറും മുഴങ്ങിയപ്പോൾ അറിഞ്ഞു, കൊച്ചിയെത്തി. അമ്പടി കൊച്ചൂ പരിഷ്കാരി.ബിനാലെപ്പിത്രങ്ങളുടെ പാതി മാഞ്ഞ രൂപങ്ങൾ, മെട്രോയുടെ ഓട്ടങ്ങൾ... വിണ്ടും മുന്നോട്ട്.

വടക്കോട്ടു പോകുമ്പോറും യാത്രയുടെ രസമങ്ങനെ കൂടിക്കൂടി വന്നു. പൂരവും പുലിക്കളിയും നിക്കുന്ന പിടിക്കുന്ന തൃശൂരിലെത്തിയപ്പോൾ ഡെഡിക്കേറ്റഡ് കൈവീശി ഹായ് പറഞ്ഞു! തെക്കിൻകൂട് മൈതാനം വല വച്ച് മുന്നംകുളം കടന്ന്, കുറ്റിപ്പുറം പാലം കടന്ന് മലപ്പുറം. മാതൃഭൂമിക്കു പോലും മാപ്പിളപ്പാട്ടിന്റെ താളമുണ്ടെന്ന് തോന്നി. മോയിൻകുട്ടി വൈദ്യരുടെ ഈണങ്ങളും. രാസനാദിയുടെ ഗന്ധവും. ഇഴചേർന്ന കോട്ടയ്ക്കൽ പിന്നിട്ട് കോഴിക്കോട്ടെത്തിയപ്പോൾ നഗരം. ഒരു മണവാട്ടിയായി കാൽവച്ചമെഴുതി നിൽക്കുകയാണ്. കടപ്പുറത്തുനിന്നു വന്ന ബിരിയാണി മണമുള്ള കാറ്റ് ബസിനുള്ളിലൂടെ കടന്നുപോയി. മാപ്പിളപ്പാട്ടിന്റെയും പരിചമുട്ടിന്റെയും കണ്ണൂരി കലോത്സവത്തിന്റെ ആരവം. അവിടം മുതലേ കണ്ടു. മലയാളവും അൽപസ്വൽപം തമിഴുമൊക്കെ പറയുന്ന അനന്തപുരി കാരൻ ഞങ്ങൾ, എണ്ണ ഭാഷകൾ ഉരിച്ചുനിൽക്കുന്ന കാസർകോട്ട് ഇതാ വന്നിറങ്ങുകയാണ്. നമ്മൾ ഒരുമിച്ചൊരു 'ഓട്ടമാണിനി'; അതിൽ എല്ലാവരും വിജയികൾ!

ഒഷ് ഒഷിക്കലാവരുത്

ഇന്ന് വിവിധ വേദികളിൽ മത്സരത്തിനെത്തുന്ന വിദ്യാർഥികൾ ആദ്യം മികവു തെളിയിക്കേണ്ടി വരിക പ്രിട്ടലിൽ. തിരിച്ചറിയൽ കാർഡിലുള്ള അതേ രൂപത്തിൽ വേദിയിലെ രജിസ്ട്രിലും പ്രിട്ടേണ്ടി വരും. ഈ പ്രി നോക്കിയാണു മത്സരാർഥികളെ തിരിച്ചറിയുക. മേക്കപ്പ് ഉള്ള ഇനങ്ങളിൽ പ്രിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. തിരിച്ചറിയൽ കാർഡിലേതിൽ നിന്നു വ്യത്യസ്തമായി വേദിയിലെ രജിസ്റ്ററിൽ പ്രിച്ചുചാൽ തർക്കത്തിനിടയാക്കും.

കാസർകോട് ജില്ലയിൽനിന്നുള്ള വിദ്യാർഥികളിൽ ചിലർ ബേക്കൽ കോട്ടയിൽ.

റിപ്പോർട്ടുകൾ: സന്തോഷ് ജോൺ തൂവൽ, കെ.പി.സഫീന, ഫൈസൽ നീലേശ്വരം, നഹാസ് മുഹമ്മദ്, ഷിന്റോ ജോസഫ്, സായൂജ്യ സെബാസ്റ്റ്യൻ , ഐറിൻ എൽസ ജേക്കബ്, ജിബിൻ ജോർജ്

പാലക്കാട് ആലത്തൂർ ബിഎസ്എസ് ഗുരുകുലം എച്ച്എസ്എസിലെ വിദ്യാർഥികൾ അതിയാമ്പൂർ നിതീഷ് നിവാസിൽ യശോദയ്ക്കും മകൾ വത്സലയ്ക്കും ഒപ്പം.

ഹോട്ടൽ റൂമിന്റെ വാതിലടഞ്ഞോ ?

അരികിലുണ്ടല്ലോ സ്നേഹ വീടുകൾ

മുറിതേടി നെട്ടോട്ടമോടുന്നവർക്ക് അതിയാമ്പൂരിന്റെ അതിരറ്റ സ്നേഹം

കാഞ്ഞങ്ങാട് ● അരിയുണ്ട, കടലമിഠായി, സർബത്ത്...സ്നേഹത്തിന് അങ്ങനെ എന്തെല്ലാം രുചികൾ. കാഞ്ഞങ്ങാട് എത്തിയ കലാകാരൻമാരുടെ ചുണ്ടിൽ ഇപ്പോൾ അതിയാമ്പൂരിലെ അമ്മമാർ സ്നേഹത്തോടെ ഊട്ടിയ പലഹാരത്തിന്റെ രുചിയാണ്. ഒരു ദിവസത്തെ പരിചയം പോലുമില്ലങ്കിലും അവർക്കൊപ്പം ഉണ്ണുകയും ഉണങ്ങുകയും രാത്രി ഒരുപോള കണ്ണുടയ്ക്കാതെ പരിശീലനത്തിനു കൂട്ടിരിക്കുകയും ചെയ്യുന്ന സ്നേഹത്തിന്റെ രുചി.

സംസ്ഥാന സ്കൂൾ കലോത്സവത്തിനായി കാഞ്ഞങ്ങാടെത്തിയ താരങ്ങൾക്കു താമസിക്കാൻ വീടും മുറിയും മനസ്സും തുറന്നു കൊടുത്തിരിക്കുകയാണ് അതിയാമ്പൂർ. ഈ കൊച്ചുഗ്രാമത്തിലെ വിവിധ വീടുകളിലായി ഇന്നലെ വരെ താമസിച്ചത് 260 കലാകാരൻമാർ. ഇനിയുള്ള ദിവസങ്ങളിൽ കൂടുതൽ പേരെത്തും. കലോൽസവം കാഞ്ഞങ്ങാടെത്തുമ്പോൾ താമസത്തിനു വേണ്ടത്ര മുറികൾ ലഭിക്കാത്തതിനാൽ അതിയാമ്പൂർ പോലെ വിവിധ ഗ്രാമങ്ങളിലാണ് കുട്ടികളും അധ്യാപകരും താമസം.

പാലക്കാട് ആലത്തൂർ ബിഎസ്എസ് ഹയർസെക്കൻഡറി സ്കൂളിലെ കുട്ടികൾ അതിയാമ്പൂരിലെ നിതീഷ് നിവാസിൽ വർഗീസയ്ക്കും അമ്മ യശോദയ്ക്കുമൊപ്പമാണു താമസം.

''പണ്ട് എക്കണിയും, ഇ.കെ.നായനാരും പൊലീസിനെ വെട്ടിച്ച് ഒളിവിൽ വന്ന കാലത്ത് ആരും അറിയാണ് താമസിപ്പിച്ചിട്ടുണ്ട്. പിന്നെല്ലേ ഈ കുഞ്ഞിമക്കൾ- വിരുന്നെന്നെത്തിയവർക്കു മുൻപിൽ വാതിൽ തുറക്കാൻ യശോദയ്ക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ട കാര്യമേ ഇല്ല. കഴിഞ്ഞ ആഴ്ച മുതൽ താമസിക്കാൻ ഇടം തരാമോ എന്നു പോലിച്ചു വിവിധ ജില്ലകളിൽ നിന്നു രക്ഷിതാക്കളെത്തിയിരുന്നു. സൗകര്യമുണ്ടെങ്കിൽ എത്ര പൈസ വേണമെങ്കിലും തരാമെന്നായി ചിലർ. അവരോടൊക്കെ പറഞ്ഞത് ഒറ്റക്കാര്യം. ''ഇവിടെ ഉള്ള സൗകര്യത്തിൽ നമുക്കെല്ലാം ഉണ്ടു റങ്ങി കഴിയാം. ''.

ആൾപ്പാർപ്പില്ലാത്ത വീടുകളുടെ ഉടമകൾ കുട്ടികൾക്കു വേണ്ടി വീടു തുറന്നു കൊടുക്കുക മാത്രമല്ല പൈസ പെലവാക്കി സൗകര്യങ്ങളൊരുക്കി നൽകുകയും ചെയ്തു. കലാമേളയ്ക്കെത്തുന്നവരെ സ്വീകരിക്കാൻ ആവേശത്തോടെ ചെണ്ട പരിശീലിക്കുന്ന കൊച്ചു കുട്ടുകാർ, വിരുന്നെത്തുന്നവർക്കു സൗകര്യങ്ങൾ ഒരുക്കാൻ പാതിരാത്രിയും ഓടി നടക്കുന്ന പാർക്കോ ക്ലബിലെ പ്രവർത്തകർ, സദ്യവട്ടങ്ങളുമായി ബാലബോധിനി വായനശാല...അങ്ങനെ അതിയാമ്പൂരിലെങ്ങും സ്നേഹക്കാഴ്ചകളാണ്.

ഈ നാലു ദിവസം ഏതു കലാകാരനും ധൈര്യപൂർവം ഏതു വീട്ടിലും കയറിച്ചെല്ലാം. ഇടം ചോദിക്കാം. ആ വാതിലുകളെല്ലാം തുറന്നു കിടക്കും. മറ്റു നിർമണസ്ഥലേ നാട്ടുകാർക്കുള്ളൂ. , '' നമ്മുടെ നാട്ടിൽ വന്നിറ്റ് മോശാക്കരുത്. പോവുമ്പം ജയിച്ചു കപ്പും കൊണ്ടേ പോകാവൂ. .

മനോരമ

കേട്ടറിഞ്ഞ സ്വരവും കണ്ടറിഞ്ഞ മുഖവും.....മലയാളം പദ്യം ചൊല്ലലിൽ ഒന്നാം സ്ഥാനം നേടിയ സിനിമാതാരം കാവ്യ മാധവനും ലളിതഗാനത്തിൽ ഒന്നാം സ്ഥാനം നേടിയ പിന്നണി ഗായിക ബേബി ശബ്നവും യുവജനോൽസവ വേദിയിൽ കണ്ടുമുട്ടിയ പ്പോൾ.

മായാത്ത **മുഖം** മറക്കാത്ത **ശബ്ദം**

കാവ്യാ മാധവൻ

ഈ ചിത്രത്തിലെ ഞാൻ നീലേശ്വരം. രാജാസ് ഹൈസ്കൂളിലെ മൻപതാം ക്ലാസ് വിദ്യാർഥിനിയാണ്. എനിക്കൊപ്പമുള്ളത് ഗായിക ശബ്നം. കൊല്ലത്ത് നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എനിക്ക് മലയാളം പദ്യം ചൊല്ലലിൽ ഹസ്റ്റ്. ശബ്നത്തിന് ലളിതഗാനത്തിലും. പാലാ നാരായണൻ നായരുടെ മനുഷ്യദർശനം എന്ന കവിതയാണ് ഞാനന്ന് ചൊല്ലിയത്. അഴകിയ രാവണൻ റിലീസായ ശേഷമായിരുന്നു കലോത്സവം. അതിൽ പെണ്ണിലൊന്നമെങ്കിലു എന്ന പാട്ടിന്റെ ഒരു ഭാഗം പാടിയത് ശബ്നമായിരുന്നു. അതുകൊണ്ട് ഞങ്ങളെ ഒന്നിച്ചു നിർത്തിയെടുത്ത ഈ ചിത്രത്തിന്റെ പേപ്പർ കട്ടിങ് ഇപ്പോഴും എന്റെ കയ്യിലുണ്ട്. കണ്ടറിഞ്ഞ മുഖവും കേട്ടറിഞ്ഞ സ്വരവും എന്ന തലക്കെട്ടും എനിക്ക് കാണാപ്പാഠം.

കായികമേളയല്ല, കലാമേളയാണ് സർ

വേദികൾ തമ്മിലുള്ള അകലം കണ്ട് അന്തംവിട്ട് മത്സരാർഥികൾ

കാഞ്ഞങ്ങാട് ● കലാമേളയിൽ ഒട്ടമത്സരം വേണ്ടി വരുമോ? സംസ്ഥാനസ്കൂൾ കലോത്സവത്തിലെ വേദികൾ തമ്മിലുള്ള അകലം കണ്ട മത്സരാർഥികളുടെ ചോദ്യമാണിത്. വേദി അമ്പിൽ നിന്ന് മോണോ ആക്ട്, മിമിക്രി താരം ആനാം. വേദിയിലെ നാടകത്തിൽ അഭിനയിക്കണമെങ്കിൽ സഞ്ചരിക്കേണ്ടത് 14 കിലോമീറ്റർ. പ്രധാന വേദിക്കാർക്ക് 4 കിലോമീറ്റർ അകലത്തിൽ ഊട്ടുപുരയിലെത്താമെങ്കിൽ മറ്റു ചില വേദികളിൽ നിന്ന് ഊട്ടുപുരയിലെത്തണമെങ്കിൽ 12 കിലോമീറ്റർസഞ്ചരിക്കണം. ഇതൊന്നും പോരാഞ്ഞിട്ട് ഇടയ്ക്കൊരു റെയിൽവേ ട്രാക്കും. ഒന്നിലേറെ മത്സരങ്ങളിൽ പങ്കെടുക്കേണ്ടവർ ഇതെല്ലാം മറികടക്കാൻ മാരത്തണ് ഓട്ടം തന്നെ നടത്തേണ്ടി വരുമെന്നാണ് ആശങ്ക. റെയിൽവേ ട്രാക്ക് കടന്നു വേണം അറബിക് കലോത്സവത്തിൽ പങ്കെടുക്കാനുള്ള വിദ്യാർഥികൾ ഇക്കിബാൽ ഹയർസെക്കൻഡറി സ്കൂളിലെത്തേണ്ടത്.

5 ദിവസത്തെ കലാമേള വെട്ടിച്ചുരുക്കി 4 ദിവസമാക്കിയതോടെയാണ് ഇത്ര അകലത്തിൽ 28 വേദികൾ ഒരുക്കേണ്ടി വന്നത്. വേദികൾ തമ്മിലുള്ള അകലം മത്സരാർഥികൾക്കു കടുത്ത പ്രയാസം സൃഷ്ടിക്കുമെന്ന് പരാതി ഉയർന്നു കഴിഞ്ഞു. വളരെ ചെറിയ ദൗരിതയായ കാഞ്ഞങ്ങാട് ഗതാഗതക്കുരുക്കിൽ കുടുങ്ങിയാൽ എന്തു ചെയ്യുമെന്ന ചോദ്യത്തിന് സംഘാടകർക്ക് ഉത്തരമില്ല. അടിയന്തര ഘട്ടത്തിൽ കുട്ടികളെ മത്സരവേദിയിലെത്തിക്കാൻ പകരം സംവിധാനമൊരുക്കണമെന്നും മത്സരാർഥികൾ ആവശ്യപ്പെടുന്നു.

അതേസമയം ഒരു വേദിയിൽ നിന്നു മറ്റു വേദിയിലേക്കു സഞ്ചരിക്കാൻ വാഹനങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ടെന്നും വൈകിയാലും അവസരം നഷ്ടപ്പെടാത്ത വിധത്തിൽ മത്സരങ്ങൾ ക്രമീകരിക്കുമെന്നും സംഘാടകർ പറയുന്നു.

കാസ്രോട് കുഞ്ഞപ്പൻ

കലോത്സവ വേദികൾ തമ്മിൽ 10 കിലോമീറ്റർ വരെ ദൂരം ഓടിഒടുത്ത് മൽസരാർഥികൾ

എല്ലാവേദിയിലും 'ഓട്ടം' തുള്ളൽ

വേദിയറിയാം റൂട്ടറിയാം:

വെബ്പേജ് മിന്നിച്ചേ....

അടിമുടി ഹൈടെക്കാണ് കലോൽസവത്തിന്റെ വിവരലോകം. എല്ലാം ഒരു സെർച്ചിൽ വിരൽത്തുമ്പിൽ കിട്ടും. www.visitkasaragod.in എന്നപേരിൽ ടൂറിസം സ്പോർട്സ് കമ്മിറ്റി ഒരു വെബ്പേജ് തുടങ്ങിയിട്ടുണ്ട് പേജിലെ സെർച്ച് ബാറിൽ മത്സരമാടും എന്നു കൊടുത്ത് ചെയ്താൽ ഉടനടി മത്സരം നടക്കുന്ന വേദി, സമയം, ആ വേദിയിലെത്തിച്ചേരാനുള്ള റൂട്ട്മാപ്പിനുവരെ കാണിച്ചു തരും. നാവിഗേറ്റ് എന്ന ഓപ്പഷനിൽ ക്ലിക്ക് ചെയ്താൽ ജിപിഎസ് സൗകര്യത്തോടെ ഏതുവേദിയിലുമെത്താം.

കൂടാതെ മക്കണപ്പന്തൽ, താമസ സൗകര്യം, വാഹനപാർക്കിങ്, തൊട്ടടുത്ത റെയിൽ- ബസ് സ്റ്റേഷനുകൾ, അത്യാവശ്യ മെഡിക്കൽ സഹായം, 24 മണിക്കൂർ ഓട്ടോ സർവീസ് നമ്പരുകൾ ഇവയെല്ലാം ലഭ്യമാണ്.

ഇതാരെടാ ഈ വെബ് പേജിനു പിന്നിലെന്നു സ്കോൻ ചെയ്തു നോക്കി ഞാൻ. സംഗതി മിടുക്കരായ പിള്ളേരുടെ കളിയാണ്. സംസ്ഥാന ശാസ്ത്രമേളയിൽ വെബ് ഡിസൈനിങ്ങിലെ സ്ഥിരം വിജയികളായ പിള്ളേർ തുടങ്ങിയ STAKQUE എന്ന സ്റ്റാർട്പ് സംരംഭാണ് ഈ സംവിധാനമുണ്ടാക്കിയത്.